# വാര്‍ത്തകള്‍ ദേശീയം

## ലോകായുക്തയുടെ രാജി സ്വീകരിക്കരുത്
## ജമാഅത്തെ ഇസ്‌ലാമി യൂത്ത് വിംഗ്

**അഴിമതിക്കെതിരെ** ശക്തമായ നിലപാട് സ്വീകരിച്ച കര്‍ണാടക ലോകായുക്ത ജസ്റ്റിസ് എന്‍. സന്തോഷ് ഹെഗ്ഡെയുടെ രാജി സ്വീകരിക്കരുതെന്ന് ജമാഅത്തെ ഇസ്‌ലാമി യൂത്ത് വിംഗ് ആവശ്യപ്പെട്ടു. സത്യസന്ധരും വിശ്വസ്തരുമായ ഉദ്യോഗസ്ഥരെ പുകച്ചുപുറത്ത് ചാടിക്കുന്ന സംസ്ഥാന സര്‍ക്കാര്‍ നടപടിക്കെതിരെ യൂത്ത് വിംഗ് മംഗലാപുരത്ത് പ്രതിഷേധ റാലി സംഘടിപ്പിച്ചു. വിമര്‍ശനങ്ങളോട് സഹിഷ്ണുത കാണിക്കാന്‍ സര്‍ക്കാര്‍ തയാറാവുന്നില്ല. നേരത്തെ പിന്നാക്ക വിഭാഗ കമീഷന്റെ ചെയര്‍മാനായിരുന്ന ദ്വാരകാനാഥിനും മനുഷ്യാവകാശ കമീഷന്‍ ചെയര്‍മാന്‍ എസ്. ആര്‍ നായകിനും ഇതേ ഗതി തന്നെയാണുണ്ടായത്. അഴിമതിയില്‍ മുങ്ങിക്കുളിച്ച സര്‍ക്കാര്‍ ജനങ്ങളുടെ പണം കൊണ്ട് ആഘോഷങ്ങള്‍ സംഘടിപ്പിക്കുന്നത് അന്യായമാണ്. ലോകായുക്ത കണ്ടെത്തിയ നിയമവിരുദ്ധ ഖനനത്തിലെ പ്രതികളെ പിടികൂടി ശിക്ഷിക്കണമെന്നും യൂത്ത് വിംഗ് ആവശ്യപ്പെട്ടു. യൂത്ത് വിംഗ് ജില്ലാ കണ്‍വീനര്‍ മുഹമ്മദ് കുഞ്ഞ്, *സന്മാര്‍ഗ* എഡിറ്റര്‍ എ.കെ കുക്കില എന്നിവര്‍ സംസാരിച്ചു.

## ആന്ധ്രാപ്രദേശില്‍
## രാഷ്ട്രീയ ഫോറം പ്രഖ്യാപനം 11-ന്

**സെപ്റ്റംബറില്‍** നടക്കാനിരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായി ജമാഅത്തെ ഇസ്‌ലാമി ആന്ധ്രാപ്രദേശ് ഘടകത്തിന്റെ കീഴില്‍ രാഷ്ട്രീയ ഫോറം രൂപവത്കരിക്കുന്നു. 'സിറ്റിസണ്‍ ഫോര്‍ വെല്‍ഫയര്‍ ആന്റ് ജസ്റ്റിസ്' എന്നാണ് ഫോറത്തിന്റെ പേര്. പ്രഖ്യാപന സമ്മേളനം ജൂലൈ 11-ന് ഹൈദരാബാദില്‍ നടക്കും. ദേശീയ-സംസ്ഥാന വ്യക്തിത്വങ്ങള്‍ പങ്കെടുക്കും.

## ആസാം വെള്ളപ്പൊക്കം
## പ്രധാനമന്ത്രി ഇടപെടണം

**വെള്ളപ്പൊക്കത്തില്‍** ദുരിതമനുഭവിക്കുന്ന ആസാമിലെ ജില്ലകളില്‍ ദുരിതാശ്വാസം എത്തിക്കുന്നതിന് പ്രധാനമന്ത്രി ഇടപെടണമെന്ന് എ.ഐ.യു.ഡി.എഫ് ആവശ്യപ്പെട്ടു. പാര്‍ട്ടി നേതാവും എം.പിയുമായ ബദ്‌റുദ്ദീന്‍ അജ്മലിന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘമാണ് പ്രധാനമന്ത്രിയെ സന്ദര്‍ശിച്ച് ആവശ്യമുന്നയിച്ചത്. മുഖ്യമന്ത്രി തരുണ്‍ ഗഗോയ് ജനകീയ പ്രശ്നങ്ങളില്‍ താല്‍പര്യമെടുക്കുന്നില്ലെന്നും അവര്‍ കുറ്റപ്പെടുത്തി. പാര്‍ട്ടി എം.എല്‍.എമാരായ സിറാജുദ്ദീന്‍ അജ്മല്‍, ഹാഫിസ് ബഷീര്‍ അഹ്മദ് ഖാസിമി എന്നിവരും സംഘത്തിലുണ്ടായിരുന്നു.

## സ്കോളര്‍ഷിപ്പ് അട്ടിമറി
## മുംബൈയില്‍ എസ്.ഐ.ഒ പ്രതിഷേധം

**ന്യൂനപക്ഷ** വിദ്യാര്‍ഥികള്‍ക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളര്‍ഷിപ്പ് അട്ടിമറിച്ച സംസ്ഥാന സര്‍ക്കാര്‍ നടപടിക്കെതിരെ എസ്.ഐ.ഒ മുംബൈ ഡിവിഷന്‍ ആസാദ് മൈതാനില്‍ പ്രതിഷേധം സംഘടിപ്പിച്ചു. നൂറുകണക്കിന് വിദ്യാര്‍ഥികള്‍ പങ്കെടുത്തു. എസ്.ഐ.ഒ മഹാരാഷ്ട്ര പി.ആര്‍ സെക്രട്ടറി ആദില്‍ ഉദ്ഘാടനം ചെയ്തു.

കേന്ദ്ര സര്‍ക്കാര്‍ ഇത്തവണ 64,400 സ്കോളര്‍ഷിപ്പുകളാണ് മഹാരാഷ്ട്രക്ക് അനുവദിച്ചിരുന്ന

ത്. സംസ്ഥാന സർക്കാറിന്റെ താൽപര്യക്കുറവ് കാരണം ഈ വാർത്തക്ക് വേണ്ടത്ര പ്രചാരം കിട്ടിയില്ല. 24,064 അപേക്ഷകരാണ് ആകെ ഉണ്ടായിരുന്നത്. അന്വേഷണങ്ങൾക്ക് ശേഷം യോഗ്യരായവർക്ക് വേണ്ടി കേന്ദ്രം 15 കോടി രൂപ അനുവദിച്ചെങ്കിലും നയാ പൈസ ഈ വകയിൽ ചെലവഴിച്ചിട്ടില്ല. ഇതിനു പുറമെ അനാവശ്യ അന്വേഷണങ്ങൾ നടത്തി സ്കോളർഷിപ്പ് തുക വെട്ടിക്കുറക്കാനും സംസ്ഥാന സർക്കാർ ശ്രമിക്കുന്നു.

സംസ്ഥാന സർക്കാറിന്റെ ഇടപെടലുകളെക്കുറിച്ച് സ്വതന്ത്ര അന്വേഷണം നടത്തുക, കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുക, കേന്ദ്ര സർക്കാർ അംഗീകരിച്ച വിദ്യാർഥികളുടെ ലിസ്റ്റ് പരസ്യപ്പെടുത്തുക, മുഴുവൻ തുകയും ഉടൻ വിതരണം ചെയ്യുക എന്നീ ആവശ്യങ്ങളുന്നയിച്ച് ഉന്നത വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ ശാന്തികുമാർ ഗുപ്തക്ക് നിവേദനം നൽകി.

## വിഷൻ 2016

## ആസാമിൽ സമൂഹ വിവാഹം

**വിഷൻ** 2016ന്റെ കീഴിൽ ആസാമിൽ സമൂഹ വിവാഹം. ഗുവാഹത്തിയിൽ നടന്ന ചടങ്ങിൽ വിവിധ ഗ്രാമീണ മേഖലയിൽനിന്നുള്ള 95 ദമ്പതികളാണ് വൈവാഹിക ജീവിതത്തിലേക്ക് പ്രവേശിച്ചത്. ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര അസി. അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ, ആസാം ന്യൂനപക്ഷ ഭക്ഷ്യ വകുപ്പ് മന്ത്രി ഡോ. നസ്റുൽ ഇസ്‌ലാം, എം.എൽ.എമാരായ അകോൺ ബോറ, അബ്ദുൽ മാലിക് സംബന്ധിച്ചു.

റാംപൂരിൽ 'വിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി' എന്ന പേരിൽ ഒരു തൊഴിലധിഷ്ഠിത സ്ഥാപനവും ആരംഭിച്ചു. പ്രഫ. കെ.എ സിദ്ദീഖ് ഹസൻ ഉദ്ഘാടനം നിർവഹിച്ചു. കമ്പ്യൂട്ടർ ട്രെയ്നിംഗ്, ഡ്രസ് മേക്കിംഗ്- ഫാഷൻ ഡിസൈനിംഗ് കോഴ്സുകളാണ് ആരംഭിച്ചത്

വിഷൻ 2016-ന്റെ കീഴിൽ പശ്ചിമബംഗാളിൽ സൊസൈറ്റി ഫോർ ബ്രൈറ്റ് ഫ്യൂച്ചറും വെസ്റ്റ് ബംഗാൾ വെൽഫെയർ ട്രസ്റ്റും ചേർന്ന് ഏകദിന ദുരന്ത നിവാരണ ശിൽപശാല സംഘടിപ്പിച്ചു. എസ്.ഡി.എം മുഹമ്മദ് അലി, ചാന്ദിതില ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, സീനയർ ഇൻസ്പെക്ടർ അശോക് സാധു ഖാൻ സംബന്ധിച്ചു.